# PRE BOARD EXAMINATION – FEBRUARY 2018
## SECOND LANGUAGE – MALAYALAM

Class: X Max. Marks: 80

Date : (മലയാളം) Time : 3 Hrs

The Question paper is divided into four sections :

| | | | |
|---|---|---|---|
| Section | A | Reading Comprehension | 10 Marks |
| Section | B | Writing | 16 Marks |
| Section | C | Grammar | 17 Marks |
| Section | D | Literature | 37 Marks |

## എ - വിഭാഗം / SectionA

1. **താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

സാഹിത്യം ഒരു കലയാണ് . സംഗീതം , നൃത്തം, ചിത്രരചന ഇവയെ പോലെ തന്നെ സാഹിത്യവും ഒരു കലയാണ്. സാഹിത്യം കലയാവണമെങ്കിൽ അതിൽ മറ്റു കലകളുടെ അടിസ്ഥാന സ്വഭാവങ്ങളും ഉണ്ടായിരിക്കണം . മനുഷ്യ ഹൃദയത്തെ സ്പർശിച്ച് വികാരങ്ങളെ ഉണർത്തുകയെന്നതാണ് കലകളുടെ പൊതുവായ സ്വഭാവം . എന്നാൽ മനുഷ്യ വികാരങ്ങളെ ഉണർത്തി ആഹ്ളാദം ജനിപ്പിക്കുക എന്നതാണ് സാഹിത്യ കലയുടെ അടിസ്ഥാന ധർമ്മം. ഇത് നിർവ്വഹിക്കുവാൻ സാഹിത്യകാരന് പ്രത്യേകമായ കഴിവ് ഉണ്ടായിരിക്കണം .. സാഹിത്യകാരന് മനുഷ്യരുടെ മനസ്സിൽ ഉറങ്ങിക്കിടക്കുന്ന അധമവാസനകളെ വിളിച്ചുണർത്തി അവനെ മൃഗതുല്യനാക്കാം . ഉത്തമ ഗുണങ്ങളെ പോഷിപ്പിച്ച് അവനെദേവ തുല്യനാക്കാം . ഇവിടെയാണ് ഒരു സാഹിത്യകാരൻ തൻെറ യഥാർത്ഥ കടമ തിരിച്ചറിയേണ്ടത് . മനുഷ്യ മനസ്സിൽ ദുഷിച്ച ചിന്തയുടെ വിഷ വിത്തുകൾ പാകി മുളപ്പിക്കുന്ന രീതിയിൽ എഴുതുന്ന സാഹിത്യത്തിന് മറ്റെന്തെല്ലാം ഗുണങ്ങൾ ഉണ്ടെങ്കിലും അത് മനുഷ്യ വർഗ്ഗത്തിനു തന്നെ ശാപമാണ് .അതിനെ എങ്ങിനെയാണ് സാഹിത്യമെന്ന് വിളിക്കുക .അപ്പോൾ സാഹിത്യകാരൻെറ കടമ അല്ലെങ്കിൽ സാഹിത്യത്തിൻെറ കടമ എന്തായിരിക്കണം ? സത്യം, നീതി, ദയ, അഹിംസ, വിശ്വാസം, ജീവകാരുണ്യം, സ്നേഹം, പരസ്പര സഹായം തുടങ്ങിയ സദ് ഗുണങ്ങളോടുള്ള ആഭിമുഖ്യം മനുഷ്യനിൽ വളർത്തുക എന്നതായിരിക്കണം.

**ചോദ്യങ്ങൾ :**

1. കലകളുടെ പൊതുവായ സ്വഭാവമെന്ത് ? 2
2. സാഹിത്യത്തിൻെറ കടമഎന്താണ് ? 2
3. സാഹിത്യകലയുടെ അടിസ്ഥാനധർമ്മമെന്ത് ? 2
4. മനുഷ്യവർഗ്ഗത്തിനു ശാപമായിത്തീരുന്നതെന്ത് ? 2
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നല്കുക ? 2

## ബി- വിഭാഗം / Section B

2. a) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക. (1x8=8)

1. വർദ്ധിച്ചു വരുന്നവൃദ്ധസദനങ്ങൾ ആധുനിക സമൂഹത്തിന് ഭൂഷണമോ ? സ്വാഭിപ്രായം സ്ഥാപിച്ചു കൊണ്ട് ഉപന്യാസം തയ്യാറാക്കുക.
2. യുദ്ധം വരുത്തുന്ന കെടുതികൾ
3. സാമൂഹ്യ പുരോഗതിയിൽ സ്ത്രീകൾക്കുള്ള പങ്ക്

b) ജൈവ കൃഷി സാർവത്രികമാക്കുന്നതിനായി സമഗ്ര വികസന പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കൃഷി മന്ത്രിയ്ക്ക് ഒരു കത്ത് തയ്യാറാക്കുക. (1x8=8)

## സി - വിഭാഗം/ Section C

3. a) **പ്രയോഗം മാറ്റുക.** (2x1=2)

1. ആ സംഭവം ചെറുകഥകളെഴുതാൻ എന്നെ പ്രേരിപ്പിച്ചു
2. ജയിലിലേക്കുള്ള വഴി വെള്ളായിയപ്പനാൽ അന്വേഷിക്കപ്പെട്ടു.

b) **അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക.** (1x1=1)

1. അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി സ്വന്തം വകയായി ചില സരസ്വതീ വിലാസങ്ങളും ചേർത്ത് ഞാൻ മകന് കത്തുകളെഴുതി.

c) **നിഷേധവാക്യമാക്കി മാറ്റിയെഴുതുക.** (1x1=1)

1. യാത്രയിൽ ഒരു ഘട്ടം താണ്ടിയതുപോലെ വെള്ളായിയപ്പനു തോന്നി.

d) **പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക.** (2x1=2)

1. വിദ്യാഭ്യാസം
2. കണ്ടു

e) **വിഗ്രഹിച്ചെഴുതി സമാസം നിർണ്ണയിക്കുക.** (2x1=2)

1. തീവണ്ടി
2. ചെറുകഥ

f) **പര്യായ പദങ്ങൾ എഴുതുക.** (2x1=2)

1. മഞ്ഞ്
2. യാത്ര

g) **നാനാർത്ഥ പദങ്ങൾ എഴുതുക.** (2x1=2)

1. കോടി
2. അറ്റം

h) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. (2x1=2)

1. ദ്രൗണി നിശ്ശബ്ദമായാണ് പടകുടീരത്തിനുള്ളിലൂടെ ശിബിരത്തിലേക്ക് കടന്നു ചെന്നത്.
2. എന്റെ മാളികയിലെ ഉമ്മറത്തെ വ്രാന്തയിലേക്കു കയറി വരുന്ന വൃദ്ധയുടെ രൂപം ദയനീയമായിരുന്നു.

**4.** **ബ്രാക്കറ്റിൽനിന്നു ശരിയായ ഉത്തരം എടുത്തെഴുതുക.**

a) **വിപരീതപദമെഴുതുക.** (2x½=1)

1. അന്യം ( ന്യൂനം, നൂതനം, സ്വന്തം, അനുപമമം )
2. ഭക്തി ( ഭുക്തി, വിഭക്തി, മുക്തി, വിരക്തി )

b) **അർഥവ്യത്യാസമെഴുതുക.** (2x½=1)

1. ക്ഷേമം - ക്ഷാമം ( ക്ഷമ, ഐശ്വര്യം, വിനയം, പഞ്ഞം )
2. സത്വം - സ്വത്വം ( സത്യം, പിശാച്, ഭൂതം, വ്യക്തിത്വം )

c) **എതിർലിംഗമെഴുതുക.** (2x½ = 1)

1. കാരണവർ ( കരുവാത്തി, കാരണവത്തി, നെയ്ത്തൻ, കോടച്ചി )
2. സഖി ( സഗരൻ, സവിധാവ്, സഖാവ്, സുഖിയൻ )

## ഡി - വിഭാഗം / Section

**5.** (i) **ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.** (5x ½ =2 ½)

a) ഇതിൽ ഒ.വി. വിജയൻേറതല്ലാത്ത കൃതി ഏത് ?
( കടൽത്തീരത്ത്, ധർമ്മപുരാണം, പ്രരോദനം, മധുരം ഗായതി )

b) എസ്. കെ. പൊറ്റെക്കാട്ട് ഏത് സാഹിത്യ ശാഖയിലാണ് ശ്രദ്ധേയനായത് ?
( ഖണ്ഡകാവ്യം, വിമർശനസാഹിത്യ ശാഖ, യാത്രാവിവരണം, തിരക്കഥാ രചന )

c) "കടലാസു നിവർത്തി നോക്കിയ അയാളുടെ മുഖം കനിവുറ്റതായി" ആരുടെ ?
( കുതിര വണ്ടിക്കാരൻ, വെള്ളായിയപ്പൻ, പാറാവുകാരൻ, അപരിചിതൻ )

d) ആരുടെ നടപടി ദൂഷ്യം കണ്ടുപിടിക്കാനാണ് പതിനേഴു കൊല്ലം വേണ്ടിവന്നത് ?
( ഭർത്താവിന്റെ, ഭാര്യയുടെ, കണ്ടുണ്ണിയുടെ, ശാന്താ ആര്യയുടെ )

e) "പുലർച്ചയ്ക്ക്മൂന്നു കൊമ്പുവിളികൾ മുഴങ്ങുന്നതു കേട്ടു" എന്തിന്റെ ചടങ്ങായിരുന്നു അത് ?
( അസംബ്ലിയുടെ, വധശിക്ഷയുടെ, തീവണ്ടിയാത്രയുടെ, യുദ്ധത്തിന്റെ )

5. ( ii ) $( 5x\frac{1}{2} = 2\frac{1}{2} )$

a) വെട്ടിവെട്ടി പ്രകൃതിയെ മല്ലിട്ടു വെറ്റി നേടിയതെന്ത് ?
( ശക്തി, സിദ്ധി, ഉന്മേഷം, ചരിത്രം )

b) നളിനിയുടെ ജീവിത ലക്ഷ്യം എന്തായിരുന്നു ?
( ഗൃഹസ്ഥ ജീവിതം, സന്യാസ ജീവിതം, ദിവാകര ദർശനം, ഈശ്വര സാക്ഷാത്കാരം )

c) "ചെമ്പൻ കുതിര" എന്ന പ്രയോഗം കൊണ്ട് കവി ഉദ്ധേശിക്കുന്നതെന്ത് ?
( യാഗാശ്വത്തെ, വിപ്ലവത്തെ, ഈശ്വരനെ, മാന്ത്രികനെ )

d) ഇതിൽ വയലാർ രാമവർമ്മയുടെ കൃതി ഏത് ?
( ഗാന്ധി, വിട, സർഗസംഗീതം, തോരാമഴ )

e) വിവേകോദയം മാസികയുടെ പത്രാധിപരായിരുന്ന കവി ?
( ചങ്ങമ്പുഴ, വയലാർ രാമവർമ്മ, കുമാരനാശാൻ, വി.മധുസൂദനൻ നായർ )

6. (i) **ഉത്തരം എഴുതുക.** ( 3x4=12 )

1. "ഇതു തന്നെയാണ് മനുഷ്യന്റെ വിധി" ആരുടെ വാക്കുകളാണിത് ? കുറിപ്പെഴുതുക.
2. ഈ കുട്ടി കാണിച്ച സത്യസന്ധത ഈ ക്ലാസ്സിന്റെ മുഴുവൻ വിജയമാണ് - ഈ പ്രസ്താവനയോട് നിങ്ങളുടെ അഭിപ്രായമെന്ത് ? വിശദീകരിക്കുക.
3. "വൃക്ഷങ്ങൾ പലതുണ്ടെങ്കിലും വൃക്ഷങ്ങളിൽ വെച്ചു വൃക്ഷമായത് മാവു തന്നെയാണ്" ഈ പ്രസ്താവനയെ ലേഖകൻ സമർത്ഥിക്കുന്നതെങ്ങനെ.

6. (ii) ( 3x4=12 )

1. "പിച്ചിയതാര് കരിഞ്ഞൊരിക്കൈകളോ" - ആശയം വിശദീകരിക്കുക.
2. "അമ്മതൻ ചിന്മുദ്രയാണീയെഴുത്തുകൾ
തന്മകന്നായി പകർന്ന പാൽമുത്തുകൾ" വരികൾ വ്യാഖ്യാനിക്കുക.
3. "ദേഹാഭിമാനംനിമിത്തമായുണ്ടായ
മോഹേന ലോകം ദഹിപ്പിപ്പതിന്നു നീ
മാനസതാരിൽ നിരൂപിച്ചതും തവ
ജ്ഞാനമില്ലായ്കെന്നറിക നീ ലക്ഷ്മണാ" സന്ദർഭം, ആശയം വിശദീകരിക്കുക.

7. **ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** ( 2x4=8 )

1. കേരളീയ നവോത്ഥാനത്തിൽ ചട്ടമ്പിസ്വാമികളുടെ പങ്കിനെ കുറിച്ച് വിവരിക്കുക.
2. ചട്ടമ്പിസ്വാമികളുടെ അഹിംസാ സിദ്ധാന്തത്തെ കുറിച്ച് കുറിപ്പെഴുതുക.
3. ചട്ടമ്പി സ്വാമികൾ എങ്ങിനെയാണ് കേരളീയ സമൂഹത്തിന്റെ വിചാര ധാരയിലും ആചാര ക്രമങ്ങളിലും വിപ്ലവ ബോധത്തിന്റെ വിത്തു പാകിയത് ?